## ഗാന്ധിക്വിസ്

'നന്മയിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ മാത്രമേ നമുക്ക് സുരക്ഷിതത്വമുള്ളൂ.'




നേരിന്റെയും നന്മയുടെയും വിപരീതദിശയിൽ ഗതിവേഗം കൂട്ടി പായുന്നവരായിരിക്കുന്നു നമ്മൾ. തന്മൂലം സമൂഹത്തിന്റെ എല്ലാ മേഖലകളിലും അസ്വസ്ഥതകൾ വർദ്ധിച്ചു വരുന്നു. ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ച ഇതിന്റെ ആക്കം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ നമുക്ക് എന്തു ചെയ്യാൻ കഴിയും? 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് പ്രഖ്യാപിച്ച അഹിംസയുടെ ആചാര്യൻ മഹാത്മാഗാന്ധിയുടെ ആത്മകഥയിലൂടെ (എന്റെ സത്യാന്വേഷണ പരീക്ഷണകഥ) കടന്നുപോകാൻ കുട്ടികളെ പ്രേരിപ്പിക്കുക അതുവഴി അവർ അഹിംസയും നന്മയും സ്വാംശീകരിക്കുക തന്നെ ചെയ്യും. സാമൂഹ്യനന്മയ്ക്കായി മുതിർന്നവർ നടത്തുന്ന, നടത്തേണ്ട മുതൽമുടക്കുകൾ ഇതു തന്നെ



യാണ്. ഇതുവഴി മൂല്യബോധമുള്ള ഒരു തലമുറയുണ്ടാകുമെങ്കിൽ അതിൽപ്പരം മറ്റെന്താണ് വേണ്ടത്. ഇതിനായുള്ള നവദർശന്റെ പദ്ധതിയാണ് ഗാന്ധിക്വിസ്.
എല്ലാ വർഷവും ജനുവരി 2-ാം ശനിയാഴ്ച ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ഗാന്ധിക്വിസ് നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ കത്തുമുഖേനയോ ഇമെയിൽ മുഖേനയോ ബന്ധപ്പെടുക.

## വൃക്ഷമിത്ര ദിനാചരണം




പരിസ്ഥിതി സംബന്ധിച്ച് വർദ്ധിച്ചുവരുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം വൃക്ഷങ്ങൾ മാത്രമാണെന്നതിൽ തർക്കമില്ല. ഈ വസ്തുത ലോകം മുഴുവനും ഉൾക്കൊണ്ട് വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് ശ്രമം നടത്തുന്നു. എന്നാൽ നിലവിലുള്ള വൃക്ഷങ്ങളെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നില്ല. അതിലുപരി തല്പരകക്ഷികൾ ഇവയെ വെട്ടിയെടുക്കുന്നത് തടുക്കാനും കഴിയുന്നില്ല. ഉദ്യോഗസ്ഥരും തടിക്കച്ചവടക്കാരും ചേർന്ന ലോബി പൊതുസ്ഥലങ്ങളിൽ നിന്നിരുന്ന ഏറെ വൃക്ഷങ്ങളും വെട്ടി വിറ്റ് ലാഭമുണ്ടാക്കി. പലരും ഇതിന്റെ ലാഭംപറ്റുകാരായി. നാട്ടിൻപുറത്തെ വൃക്ഷവൈവിധ്യം തന്നെ നഷ്ടപ്പെട്ട് നാട് റബർതോട്ടമായി മാറി.
1994-ൽ എറണാകുളം ജില്ലയിലെ ഐക്കരനാട് പഞ്ചായത്തിൽ പഴന്തോട്ടം പുളിച്ചോട് പ്രദേശങ്ങളിലെ നാട്ടുവൃക്ഷങ്ങൾ, ഉണങ്ങിയവ എന്ന് മുദ്രകുത്തി ലേലം ചെയ്തു. ടി.എം. വർഗ്ഗീസിന്റെ നേതൃത്വത്തിൽ പരിസ്ഥിതി പ്രവർത്തകർ അതിനെ തടഞ്ഞു. ഇന്നും അവ നിലനിൽക്കുന്നു. ആ സംഭവത്തെ സ്മരിച്ചുകൊണ്ട് നവംബർ 26-ാം തീയതി വൃക്ഷമിത്രദിനമായി ആചരിക്കുന്നു.
മാതൃഹസ്തേനഭോജനം, വൃദ്ധരായ കർഷക തൊഴിലാളികളെ ആദരിക്കൽ, വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ, പരിസ്ഥിതി സംഗമം, വിളംബരജാഥ തുടങ്ങിയ വിവിധ പരിപാടികൾ ഇതിന്റെ ഭാഗമാണ്.
'ഞാനില്ലെങ്കിൽ നീയില്ല' എന്ന വൃക്ഷത്തിന്റെ ആത്മഗതം ബോർഡിലെഴുതി സംരക്ഷിതവൃക്ഷങ്ങളിൽ ചാർത്തുന്നത് പ്രധാന ചടങ്ങാണ്.



## നവദർശൻ ട്രസ്റ്റ്

**പ്രസിഡന്റ്**
ഡോ. കൃഷ്ണൻനായർ
പാറമഠം
പാങ്കോട് പി.ഒ, കോലഞ്ചേരി

**സെക്രട്ടറി**
ശ്രീ. കെ.കെ. ഗോപിനായർ
അഭയം
റൈസ് റിസർച്ച് റോഡ്
പൊന്നുരുന്നി 682 019

**ട്രഷറർ**
ശ്രീമതി ജെസി കെ.പോൾ
ചെറുവിള്ളിൽ
വടയമ്പാടി പി.ഒ.
പുത്തൻകുരിശ്

**കോ-ഓർഡിനേറ്റർ**
ടി.എം. വർഗ്ഗീസ്
പഴന്തോട്ടം പി.ഒ.
94972869881

### അംഗങ്ങൾ

**ഡോ. എം.പി. മത്തായി**
മുണ്ടയ്ക്കൽ വീട്
മൂവാറ്റുപുഴ
0485 28235025

**ഡോ. സാലി മത്തായി**
തണ്ണിക്കോട്ട് വീട്, പട്ടിമറ്റം പി.ഒ.
0485 2688099

**ശ്രീ. തങ്കച്ചൻ എം.ഏലിയാസ്**
മുണ്ടയിൽ, കോലഞ്ചേരി
0484 2761517, 94474 60451

**ശ്രീ. സണ്ണി മാതേക്കൽ**
മാതേക്കൽ വീട്
ആരക്കുഴ പി.ഒ.
0485 2256711

**ശ്രീ. കെ.കെ. ഉദയകുമാർ**
കുന്നാരിൽ
പട്ടിമറ്റം
98469 22577

**ശ്രീ. തമ്പി ജോൺസൺ**
വില്ല 2, ഒലിവ് കോർട്ട്യാർഡ്
കാക്കനാട്

**ശ്രീ. സജി റ്റി.എം.**
തച്ചേത്ത്
പഴന്തോട്ടം പി.ഒ.

# നവദർശനവേദി

നവദർശൻ ട്രസ്റ്റ്, രജി. നമ്പർ:237/2006
പഴന്തോട്ടം - 683 565, എറണാകുളം ജില്ല, കേരള
E-mail: navadarsanavedi@gmail.com

ഗാന്ധിമാർഗ്ഗ പ്രവർത്തനങ്ങളിലൂടെ
നവസമൂഹരചനയ്ക്കായി ഒരു വേദി

പഠനം • പ്രതികരണം • ശാക്തീകരണം



# നവദർശനവേദി

ഗാന്ധിദർശനപഠനം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ,
മനുഷ്യാവകാശ പ്രവർത്തനങ്ങൾ, സർവ്വധർമ്മ സമഭാവനാ പ്രാർത്ഥന,
സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സാപഠന സഹായങ്ങൾ,
പരിസ്ഥിതി-ഊർജ്ജസംരക്ഷണം, പ്രകൃതിജീവനം,
യമ-നിയമ യോഗാ ക്ലാസ്സുകൾ തുടങ്ങിയ സർവ്വോദയ നിർമ്മാണ
പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ മനഃസാക്ഷിയെ സജീവമാക്കി
മാനുഷിക മൂല്യങ്ങളിലധിഷ്ഠിതമായ ഒരു സാമൂഹ്യക്രമം
കെട്ടിപ്പടുക്കുന്നതിന് ശ്രമം നടത്തുന്നു. ഈ ലക്ഷ്യത്തിൽ
പങ്കാളിയാകാൻ അഭ്യർത്ഥിക്കുന്നു.

## അടിത്തറയായി മാറിയ പുളിച്ചോട് മദ്യവിരുദ്ധ സമരം

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ പഴന്തോട്ടം, കടയിരുപ്പ്, പാങ്കോട് ഗ്രാമങ്ങളുടെ സംഗമസ്ഥാനമാണ് പുളിച്ചോട്. അനധികൃതമായി ഇവിടെ നടത്തി വന്ന കള്ളുഷാപ്പ് നാടിന്റെ സ്വൈര്യം കെടുത്തിയ നാളുകൾ (1986-87). സഹികെട്ട നാട്ടുകാർ മദ്യഷാപ്പ് അടച്ചു പൂട്ടിച്ച് മദ്യവിരുദ്ധ ജാഗ്രതാസമിതിക്ക് രൂപം കൊടുത്തു. മദ്യവിരുദ്ധ വികാരത്തിന് തടയണയിടാൻ അധികൃത മദ്യശാല (ചാരായഷാപ്പ്) തുറക്കാൻ തല്പരകക്ഷികൾ തീരുമാനിച്ചു. ചാരായക്കട തുറന്ന 1988 ആഗസ്റ്റ് 5നു തന്നെ ജാഗ്രതസമിതി സമരവും ആരംഭിച്ചു. സംഭവബഹുലമായ അഹിംസാത്മക ജനകീയസമരം മൂന്നുവർഷക്കാലം കൃത്യേന നടന്നു. മദ്യവിരുദ്ധവികാരം നാടെങ്ങും അലയടിച്ചു. സംസ്ഥാന ദേശീയതല സർവ്വോദയപ്രവർത്തകർ മദ്യവിരുദ്ധസമരത്തിൽ പങ്കെടുത്തു. 1991 ആഗസ്റ്റ് 5ന് മദ്യഷാപ്പ് സർക്കാർ അടച്ചുപൂട്ടി. സമരഭൂമി പിന്നീട് സർവ്വോദയപ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവായി മാറി. നവദർശനവേദിയുടെ പിറവിക്കു കാരണവും ഈ സമര ഊർജ്ജം തന്നെയായിരുന്നു. 1988 ഓഗസ്റ്റ് 5 ന് തുടങ്ങി മൂന്നുവർഷം പ്രതിദിനം നടന്ന സംഭവബഹുലമായ പുളിച്ചോട് മദ്യവിരുദ്ധ സത്യാഗ്രഹസമരത്തിന്റെ വാർഷികം എല്ലാ വർഷവും ഓഗസ്റ്റ്മാസത്തിൽ വിവിധ പരിപാടികളോടെ നടത്തിവരുന്നു. മദ്യവും മയക്കുമരുന്നും ഏറ്റവും വലിയ ചൂഷണോപാധിയാണ്. അത് സകലതിന്മകളുടെയും പെറ്റമ്മയും പോറ്റമ്മയുമാണ്. അത് വ്യക്തിയുടെയും സമൂഹത്തിന്റെയും സർവ്വനാശത്തിനു കാരണമാകുമെന്നതിനാൽ ലഹരിക്കെതിരെയുള്ള പോരാട്ടം മുഖ്യപ്രവർത്തന വിഷയമാക്കിയിരിക്കുന്നു.



## 25 സ്മൃതി വൃക്ഷങ്ങൾ

പുളിച്ചോട് മദ്യവിരുദ്ധ സമരത്തിന്റെ 25-ാം വാർഷീകം ഏറെ സവിശേഷതകളോടെയാണ് കൊണ്ടാടിയത്. അന്ന് 25 വൃക്ഷത്തൈകൾ പൊതുസ്ഥലത്ത് നട്ടു. സമരമുഖത്തുനിന്ന് പോരാടുകയും കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്ത 25 സമരഭടന്മാരുടെ പേരുകൾ ഈ വൃക്ഷങ്ങൾക്കു ചാർത്തി അവയെ സ്മൃതിവൃക്ഷങ്ങളായി പ്രഖ്യാപിച്ച് സംരംക്ഷിച്ചുപോരുന്നു. സമരകുടീരത്തിൽ നട്ട ആൽവൃക്ഷത്തിന് തറകെട്ടി സ്മൃതിഫലകം സ്ഥാപിച്ചു.

ദിവംഗതരായവരുടെ പേരിൽ ഒരു വൃക്ഷം എന്ന പദ്ധതിക്കു തുടക്കം കുറിച്ചു.



## ഊർജ്ജ സംരക്ഷണം

ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹം തിരിച്ചറിയണം. ഇല്ലാതാകുന്ന ഊർജ്ജസ്രോതസ്സുകളും മലിനമാകുന്ന മണ്ണും ജലവും അന്തരീക്ഷവും നമുക്ക് ഭീഷണിയായിത്തീർന്നിരിക്കുന്നു. ഊർജ്ജത്തിന്റെ അഭാവം നാളെകളെ നിശ്ചലമാക്കും. അതിനാൽ പ്രകൃതി സൗഹൃദവും പുനരുജ്ജീവിപ്പിക്കാവുന്നതുമായ ഊർജ്ജസ്രോതസ്സുകൾ കൂടുതൽ കണ്ടെത്തുകയും ഉപയോഗപ്പെടുത്തുകയും വേണം. ഗുണമേന്മയേറിയ ഉപകരണങ്ങൾവഴി ഊർജ്ജത്തിന്റെ ദുരുപയോഗവും നഷ്ടവും ഒഴിവാക്കപ്പെടണം. ആർഭാടജീവിതം മാലിന്യത്തെ വർദ്ധിപ്പിക്കുമെന്നും പ്രകൃതിയെ കൊള്ള ചെയ്യുന്നു എന്നും തിരിച്ചറിയുമ്പോൾ ലളിതജീവിതവും ഊർജ്ജസംരക്ഷണവും ജീവിതശൈലിയാകും. കുട്ടികൾക്കും പൊതുസമൂഹത്തിനും ഈ ബോധ്യം നല്കാൻ നവദർശൻ ശ്രമിക്കുകയാണ്. ഇതിനായി ഒരു ഗ്രാമത്തെ തെരഞ്ഞെടുത്ത് വിവിധ ഊർജ്ജ സംരക്ഷണപദ്ധതിക്ക് തുടക്കം കുറിക്കുന്നു.

## ആരോഗ്യം സമ്പത്ത്
## ജൈവകൃഷി-പ്രകൃതിജീവനം-യോഗ

സർവ്വജീവജാലങ്ങളും നിലനില്ക്കുന്നതും വളരുന്നതും പ്രകൃതി എന്ന സാനിറ്റോറിയത്തിലാണ്. പ്രകൃതിക്കനുസൃതമായി പ്രകൃതിയിലാണവ കഴിയുന്നത്. അവയ്ക്ക് പ്രത്യേക അടുക്കളയോ ആശുപത്രികളോ ഇല്ല. മനുഷ്യൻമാത്രം ഹിതകരമല്ലാത്ത രുചിക്കനുസൃതമായി ഭക്ഷണം കഴിക്കുന്നു. പ്രകൃതിയുടെ താളത്തിൽ നിന്ന് വിട്ട് ശ്വസിക്കുന്നു, കുടിക്കുന്നു, കഴിക്കുന്നു. അവന്റെ താളവും പ്രകൃതിയുടെ താളവും രണ്ടായി പരിണമിക്കുന്നു. അവൻ രോഗിയായി മാറുന്നു. പ്രകൃതിയുടെ ജീവതാളത്തിലേയ്ക്ക് തിരിച്ചു വരാതെ രാസപദാർത്ഥങ്ങളായ മരുന്നുകളുടെ പിൻബലത്താൽ ആരോഗ്യവാനാകാൻ പണിപ്പെടുന്നു. കുത്തകകളായ മരുന്നുകമ്പനികൾ മരുന്നു സംസ്കാരത്തിലേയ്ക്കു നമ്മെ വീഴ്ത്തിക്കൊണ്ടിരിക്കുന്നു. ആരോഗ്യത്തോടെ ജീവിക്കുന്നതെങ്ങനെയെന്നു ചിന്തിക്കാൻ കൂടി നാം മറന്നിരിക്കുന്നു. പണാധിഷ്ഠിത സമൂഹത്തിൽ പണം കൊടുത്ത് അനുഗ്രഹവും ആരോഗ്യവും നേടാമെന്ന് വിശ്വസിക്കുന്നു. പരിണിതഫലമോ ആരോഗ്യവും ധനവും, സമാധാനവും നഷ്ടമാകുന്നു. പനി പോലും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേയ്ക്ക് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു.

ഇവിടെ ഒരു തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു. ആരോഗ്യമെന്തെന്നും അതെങ്ങിനെ ആർജ്ജിച്ചു പരിപാലിക്കാമെന്നും തിരിച്ചറിവുള്ള ഒരു ജനതയുണ്ടാകണം. പോഷകസമൃദ്ധവും പ്രകൃതിജന്യവുമായ ഭക്ഷണവും ശുദ്ധവായുവും ശുദ്ധജലവും ലഭ്യമല്ലാത്തിടത്തോളം കാലം ആരോഗ്യപരിപാലനം അസാദ്ധ്യമാണെന്ന് തിരിച്ചറിയണം. മനസ്സിനേയും ശരീരത്തെയും ഇന്ദ്രിയങ്ങളേയും ശാക്തീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന വ്യായാമമുറകൾ സ്വായത്തമാക്കണം. ഇവ ജനതയുടെ സംസ്കാരമാകണം. പ്രകൃതിജീവനവും ജൈവകൃഷിയും യോഗയും ജീവിതത്തിന്റെ ഭാഗമാകണം. ഓരോ ഗ്രാമവും തദനുസൃതമായി സംവിധാനം ചെയ്യപ്പെടണം. ഇതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ശ്രമിക്കുകയാണ്.

## പ്രതിമാസസർവ്വോദയ സംഗമം

2006 മുതൽ മുടങ്ങാതെ എല്ലാ മാസവും ഈ സംഗമം നടക്കുന്നു എന്നതു തന്നെ ഇതിന്റെ പ്രത്യേകതയാകുന്നു. എല്ലാ മാസവും അവസാന ഞായർ 3 മുതൽ 5 വരെയാണ് സംഗമം. സർവ്വോദയ പ്രവർത്തനത്തിൽ തല്പരരും ആനുകാലിക സംഭവങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരും സ്ത്രീശാക്തീകരണ പദ്ധതിയിൽനിന്ന് സഹായധനം കൈപ്പറ്റുന്നവരും ഒത്തുചേരുന്നു. എറണാകുളം ജില്ലയിലെ നവജീവൻ പ്രകൃതിജീവന ഹാളിലാണ് സംഗമം നടന്നു വരുന്നത്.



ഓരോ കാര്യത്തിലും തങ്ങളുടെ അഭിപ്രായം പ്രകടമാക്കാനും പഠനത്തിനും പ്രതികരണത്തിനും ശാക്തീകരണത്തിനുമായി ഒരു വേദി. പഠനം, പ്രതികരണം, ആനുകാലികസംഭവങ്ങളോടും ഭരണകൂടനയങ്ങളോടുമുള്ള സ്ത്രീശാക്തീകരണം എന്നീ മൂന്നു തലങ്ങളിലാണ് നവദർശൻ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. നവദർശൻ സന്ദേശം, സർവ്വധർമ്മ സമഭാവനാപ്രാർത്ഥന, ആനുകാലിക സംഭവങ്ങളുടെ വിശകലനം, ആത്മകഥയിലൂടെ തീർത്ഥയാത്ര, സ്ത്രീശാക്തീകരണ സ്കോളർഷിപ്പ് വിതരണം, എന്നീ പരിപാടികളിലൂടെ സംഗമം സമ്പന്നമാക്കുന്നു. അധികാരരാഷ്ട്രീയ, ജാതിമതിലുകൾക്കപ്പുറം മാനവീക സംഗമം - പങ്കെടുത്ത് സമ്പന്നമാക്കുക

## നവദർശൻ സഹായസമിതി

'ഈ എളിയവനിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം
എനിക്കുതന്നെയാണ് ചെയ്തത്.'

- ക്രിസ്തു

വികസനമുദ്രാവാക്യം ഭരണകർത്താക്കൾ ആവർത്തിക്കുമ്പോഴും സാമ്പത്തീകാന്തരം ഭീകരമായി വർദ്ധിക്കുന്നു. ഗാന്ധിജി ചൂണ്ടിക്കാട്ടിയ അന്ത്യോദയം എന്ന കാഴ്ചപ്പാട് നിരാകരിക്കപ്പെടുന്നു. മദ്യം വിറ്റും പണമുണ്ടാക്കി നടത്തുന്ന വികസനത്തിന്റെ ഗുണഭോക്താക്കൾ സമ്പന്നർ തന്നെയാകുന്നു. രോഗികളും നിസ്സഹായരും നിരാലംബരും വർദ്ധിച്ചുവരുന്നു. ഇവർക്ക് മാർഗ്ഗനിർദ്ദേശങ്ങളും സഹായവും ലഭ്യമാക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിൽക്കാൻ സഹായിക്കുകയും വേണം. ഇത് യഥാർത്ഥ ജനാധിപത്യ പ്രക്രിയയും ഈശ്വരസേവയുമാണെന്ന് കരുതുന്നു.

മാതാപിതാക്കളുടെ ഓർമ്മയ്ക്കായോ മക്കളുടെ ജന്മദിനത്തിന്റെ ഭാഗമായോ അർഹിക്കുന്ന ഒരു കുട്ടിയെ, വിധവയെ സഹായിക്കാനാകുന്നത് എത്രയോ ശ്രേഷ്ഠമാണ്. പ്രതിമാസ കൂടിച്ചേരലിൽ പങ്കെടുക്കുകയും നിശ്ചിത തുക വർഷത്തിൽ നല്കുമെന്ന് തീരുമാനിക്കുകയും ചെയ്ത് സഹായസമിതിയിൽ അംഗമാകാം. ഇത്തരം പ്രവർത്തനം ജീവിതത്തിന്റെ ഭാഗമായി കരുതുന്നവരുടെ കൂട്ടായ്മ നാട്ടിൽ വലിയ ഒരു സാന്ത്വനമാകും.